"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- LID&EW- ജീവനക്കാര്യം - അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.രശ്മി.പി.എസ്-ന് സമയബന്ധിത ഹയർ ഗ്രേഡിൽ നിന്നും മാറ്റി കരിയർ അഡ്വാൻസ്മെന്റ് സ്കീമിന് കീഴിൽ നോൺ കേഡർ പ്രമോഷൻ അനുവദിച്ച് -ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.1687/2025/LSGD തീയതി,തിരുവനന്തപുരം, 06-07-2025

---

പരാമർശം:-

1. 29.09.2012-ലെ സ.ഉ(പി) നം. 536/2012/(116)/ഫിൻ ഉത്തരവ്.
2. ചീഫ് എഞ്ചിനീയറുടെ 31.12.2020-ലെ E3-7744/2020/CE/ LID&EW നമ്പർ ഉത്തരവ്.
3. ശ്രീമതി.രശ്മി.പി.എസ്-ന്റെ 05.12.2022-ലെ അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 22.03.2025-ലെ LSGD/PD/69472/2023-DEH4 നമ്പർ കത്ത്.

**ഉത്തരവ്**

25.05.2012-ൽ നേരിട്ടുള്ള നിയമനം വഴി അസിസ്റ്റന്റ് എഞ്ചിനീയറായി സേവനത്തിൽ പ്രവേശിച്ച രശ്മി.പി.എസ്, തനിക്ക് അനുവദിച്ച് നൽകിയ ഒന്നാം സമയ ബന്ധിത ഹയർഗ്രേഡിൽ നിന്നും മാറ്റി കരിയർ അഡ്വാൻസ്മെന്റ് സ്കീമിന് കീഴിൽ നോൺ കേഡർ പ്രമോഷൻ അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി. രശ്മി.പി.എസ്-ന്24.05.2020 പൂർവ്വാഹ്നത്തിൽ 8 വർഷം സേവനം പൂർത്തിയായിട്ടുള്ളതും പരാമർശം 2 പ്രകാരം ടിയാൾക്ക്25.05.2020 പ്രാബല്യത്തിൽ ഒന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചിട്ടുള്ളതുമാണെന്നും, ടിയാൾ സമയബന്ധിത ഹയർഗ്രേഡിൽ നിന്നും നോൺ കേഡർ പ്രമോഷൻ വഴിയുള്ള കരിയർ അഡ്വാൻസ്മെന്റ് സ്കീമിലേയ്ക്ക് മാറ്റുന്നതിന് അർഹയാണെന്നും പരാമർശം 4 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ

വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ശ്രീമതി. രശ്മി.പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ-ക്ക് പരാമർശം (2) പ്രകാരം അനുവദിച്ച സമയബന്ധിത ഹയർ ഗ്രേഡിൽ നിന്നും മാറ്റി ടിയാൾക്ക് 8 വർഷം സേവനം പൂർത്തീകരിച്ച 25.05.2020 പ്രാബല്യത്തിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം-നു കീഴിൽ 59,300 - 1,20,900/- ശമ്പള സ്കെയിലിൽ നോൺ കേഡർ പ്രമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ), കേരള, തിരുവനന്തപുരം
4. ശ്രീമതി. രശ്മി.പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 07-07-2025 09:20:02